## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3025** **21.08.2017 ൽ മറുപടിയ്ക്ക്**

## കൊക്കോഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കൊക്കോഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | കൊക്കോ ഗ്രാമം പദ്ധതിയുടെ കാര്യം പരിഗണിക്കുന്നതാണ്. മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ സൂക്ഷ്മ ജലസേചന സംവിധാനമില്ലാതെ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20000/- രൂപ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി 60:20:20 എന്ന അനുപാതത്തിൽ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്. 2017-18 സാമ്പത്തിക വർഷം 100 ഹെക്ടറിൽ കൊക്കോയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി യുടെ സാമ്പത്തിക സഹായത്തോടുകൂടി 1000 ഹെക്ടറിൽ കൊക്കോയുടെ വിളവിസ്തൃതി വ്യാപനം നടത്തുന്നതിനായി 120 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലായി പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമാ യാണ് രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ പദ്ധതിയും നടപ്പിലാക്കുന്നത്. |
| ബി) | ഇതിനായി മുന്നോട്ടുവരുന്ന കൊക്കോ കർഷക കൂട്ടായ്മകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | | |
| സി) | കർഷക സംഘടനകളുടെ നേതൃത്വത്തിലുള്ള നഴ്സറികൾക്ക് തൈകൾ ഉല്പാദിപ്പിക്കാനും വിപണനം ചെയ്യാനും അർഹമായ | സി) | മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം നടീൽ വസ്തുക്കളുടെ ഉത്പാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഹൈടെക് നഴ്സറികൾ (1 മുതൽ 4 ഹെക്ടർ) സ്ഥാപിക്കാൻ സഹായം നൽകി വരുന്നു. 2017-18 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിനും ആവശ്യമായ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | പൊതുമേഖലയിൽ രണ്ട്, സ്വകാര്യമേഖലയിൽ ഒന്നും ഹൈടെക് നഴ്സറികൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. സ്വകാര്യമേഖലയിൽ ഒരു ഹെക്ടറിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 10 ലക്ഷം രൂപയും, പൊതു മേഖലയിൽ 100 ശതമാനമായ 25 ലക്ഷം രൂപയും ധനസഹായം നൽകും. ദീർഘകാല ഫലവൃക്ഷവിളകൾ /വൃക്ഷ സുഗന്ധവിളകൾ / തോട്ട വിളകൾ/ സുഗന്ധതൈല വിളകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്ന 50000 തൈകൾ എങ്കിലും കുറഞ്ഞത് ഒരു ഹെക്ടറിൽ നിന്നും പ്രതിവർഷം ഈ നഴ്സറി കളിൽ ഉത്പാദിപ്പിക്കണം എന്നതാണ് ഈ പദ്ധതി ഘടകത്തിന്റെ ലക്ഷ്യം. ഇത് പ്രോജക്ട് അധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്.<br><br>കൂടാതെ, സ്വകാര്യമേഖലയിലും പൊതുമേഖലയിലും ചെറുകിട നഴ്സറികൾ (1 ഹെക്ടർ) സ്ഥാപിക്കാൻ ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷം പൊതുമേഖലയിൽ മൂന്നും സ്വകാര്യമേഖ ലയിൽ ഒന്നും ചെറുകിട നഴ്സറികൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. സ്വകാര്യ മേഖലയിൽ യൂണിറ്റ് ഒന്നിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 7.5 ലക്ഷം രൂപയും, പൊതു മേഖലയിൽ 100 ശതമാനമായ 15 ലക്ഷം രൂപയും ധനസഹായം നൽകും. ദീർഘകാല ഫലവൃക്ഷവിളകൾ/ വൃക്ഷ സുഗന്ധവിളകൾ/ തോട്ട വിളകൾ/ സുഗന്ധതൈല വിളകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്ന 25000 തൈകളെ ങ്കിലും കുറഞ്ഞത് ഒരു ഹെക്ടറിൽ നിന്നും പ്രതിവർഷം ഈ നഴ്സറികളിൽ ഉത്പാദിപ്പി ക്കണം എന്നതാണ് ഈ പദ്ധതി ഘടകത്തിന്റെ ലക്ഷ്യം. ഇത് പ്രോജക്ട് അധിഷ്ഠിതമാ യിട്ടാണ് നടപ്പിലാക്കുന്നത്. |
| ഡി) | കാർഷിക സർവകലാശാലയുടെ ഗവേഷണ ഫലങ്ങൾ ഇടനിലക്കാരില്ലാതെ കർഷകർക്കും രജിസ്റ്റേർഡ് കർഷക സംഘങ്ങൾക്കും കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) | കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ കർഷക സംഘങ്ങൾക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് ലഭ്യമാക്കുന്നതിന് ഒരു തടസ്സവും നിലവിലില്ല. ഇങ്ങനെ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഇ) | കുത്തക കമ്പനികളിൽ നിന്നും കൊക്കോ കർഷകർ വർഷങ്ങളായി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | പരിശോധിക്കുന്നതാണ്. മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം സംയോജിത വിളവെടുപ്പാനന്തര പരിപാലനം (Integrated Post Harvest Management) എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പായ്ക്ക് ഹൗസുകൾ, സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണ മുറികൾ, മൊബൈൽ ശീതീകരണ ശാലകൾ, റീഫർ വാനുകൾ, റൈപ്പനിംഗ് ചേമ്പർ, പ്രൈമറി/ മൊബൈൽ/ മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾ, പ്രിസർവേഷൻ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാൻ ധനസഹായം നൽകി വരുന്നു. കൊക്കോ കർഷകർ വിളവെടുപ്പാനന്തര പരിപാലന മേഖലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു പരിധിവരെ ഈ പദ്ധതി ഘടകത്തിലൂടെ പരിഹരിക്കാവുന്നതാണ്. ഇത് പ്രോജക്ട് അധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**